Chief Minister (**Shri E. M. S. Namboodiripad**) :

(*a*) State Committees 113
District Committees 91
and Taluk Committees 165

(*b*) Rs. 4,68,358·99.

(*c*) The figures are up to the date of previous question put by the Member.

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ : സ്റ്റോറു ലവലിലും, താലൂക്ക ലവലിലും പ്രത്യേകം എത്രയെന്നു പറയാമോ ?

ശ്രീ. സി. അച്യുതമേനോൻ : ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. കെ. എ. ബാലൻ: താലൂക്ക കമ്മിറ്റികൾക്ക ഡി. എ. നൽകുന്നുണ്ടോ ?

ശ്രീ. സി. അച്യുതമേനോൻ : ഇല്ലെന്നാണു തോന്നുന്നതു്.

ശ്രീമതി കുസുമം ജോസഫ് : സ്റ്റോറു ഒട്ടാകെ 113 കമ്മിറ്റികൾ ഉണ്ടെന്നു പറഞ്ഞു, ഡിസ്ട്രിക്റ്റു ലവലിലും, താലൂക്ക ലവലിലുമുള്ള കമ്മിറ്റികളുടെ കണക്ക ബഹുമാനപ്പെട്ട മന്ത്രിയുടെ കൈവശമില്ലേ ?

ശ്രീ. സി. അച്യുതമേനോൻ : സ്റ്റോറിൽ ഫങ്ഷൻ ചെയ്യുന്ന കമ്മിറ്റികളുടെ കണക്കാണു പറഞ്ഞതു്.

ശ്രീമതി കുസുമം ജോസഫ് : പഞ്ചായത്തു ഡിലിമിറ്റേഷൻ കമ്മിറ്റിയും ഈ കണക്കിൽ ഉൾപ്പെട്ടുമോ ? അതുൾപ്പെടെ സ്റ്റോറിൽ ഒട്ടാകെ 113-ൽ കൂടുതൽ കമ്മിറ്റികൾ വരുമെന്നുള്ള സംഗതി ഗവണ്മെൻറിനു് അറിയാമോ ?

ശ്രീ. സി. അച്യുതമേനോൻ : ഇതിൽ കാണുന്ന കണക്കാണു് ഞാൻ പറഞ്ഞതു്.

ശ്രീ കെ. എം. ജോർജ്ജു് : താലൂക്ക ലവലിൽ ഉള്ള വനം കമ്മിറ്റി, വിജിലൻസു് കമ്മിറ്റി, ഫണ്ഡ് അലൈഡ്സർവീസ് കമ്മിറ്റി ഇതെല്ലാം ഇതിൽ ഉൾപ്പെട്ടുമോ ?

ശ്രീ. സി. അച്യുതമേനോൻ വനം കമ്മിറ്റിയുണ്ടു്: ; വിജിലൻസു കമ്മിറ്റിയും, ഫണ്ഡ് അലൈഡ്സർവീസ് കമ്മിറ്റിയും ഇല്ല.

ശ്രീ. കെ. എം. ജോർജ്ജു് : അതെല്ലാം ഉൾപ്പെടാതെയാണോ 113 കമ്മിറ്റികൾ ഉണ്ടെന്നു പറഞ്ഞതു് ?

ശ്രീ. സി. അച്യുതമേനോൻ : അതേ.

റയാൺ പാർപ്പിഫാക്ടറിയും ബർമായുടെ പുതിയ പ്രസ്താവനയും.

* 1461. [20] ശ്രീ. കെ. സി. ഏബ്രഹാം . താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായവകുപ്പു മന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) കേരളത്തിൽ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന റയാൺ പാർപ്പു ഫാക്ടറിക്കു് ആവശ്യമായ മുള, നിലമ്പൂർ വനങ്ങളിൽ നിന്നും ലഭിക്കുമോ എന്നുള്ള അന്വേഷണത്തിൻറെ ഫലം ലഭിച്ചുവോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) വളരെ വേഗം പൂത്തുപോകുന്ന മുളകളാണ് നിലമ്പൂർ ഉള്ളതെന്നും, അതുകൊണ്ട് നല്ല മുളയ്ക്കുവേണ്ടി കാട്ടിന്റെ ഉള്ളിലേക്ക് പോകേണ്ടിവരുമെന്നും, അതു ഉൽപ്പാദനച്ചെലവു വർദ്ധിപ്പിക്കുമെന്നും മറ്റുമുള്ള ബർമ്മായുടെ പുതുപ്രസ്താവന ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ബർമ്മായുടെ ഈ പ്രസ്താവന ഈ വ്യവസായം ഇവിടെ സ്ഥാപിക്കുന്ന കാര്യത്തിൽ നിന്നും അദ്ദേഹം പിൻവാങ്ങുവാൻ പോകുന്നതിന്റെ സൂചനയണെന്നുള്ള പത്രറിപ്പോർട്ട് ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. പി. ഗോപാലൻ):

(എ) ഇല്ല.
(ബി) ഇല്ല.
(സി) ഇല്ല.

ശ്രീ. കെ. സി. ഏബ്രഹാം: ആദ്യം ഈ കാര്യം സംബന്ധിച്ചു വിശദമായ അന്വേഷണം നടത്തിയതിനു ശേഷമല്ലേ ഗവണ്മെൻറ് ബർമ്മായുമായി കരാറിൽ ഏർപ്പെട്ടത്; പുതുതായി അന്വേഷണം നടത്താൻ ഇടയായതെങ്ങനെ?

ശ്രീ. കെ. പി. ഗോപാലൻ: സർ, മദിരാശി ഗവണ്മെൻറ് 'തോട്ടമണി തേവർ' എന്ന ഒരു ഫാറസ്റ്റ് റേഞ്ചിന്റെ വിദഗ്ദ്ധന്റെ നേതൃത്വത്തിൽ വിപുലമായ അന്വേഷണം നടത്തിയതിന്റെ ചില വിവരങ്ങൾ നേരത്തെ ഈ ഗവണ്മെൻറിനു ലഭിച്ചിട്ടുണ്ടായിരുന്നു. അതിന്റെ അടിസ്ഥാനത്തിലാണ് ആദ്യത്തെ കരാർ ഉണ്ടായിട്ടുള്ളത്.

ശ്രീ. കെ. സി. ഏബ്രഹാം: അന്നു മദിരാശി ഗവണ്മെൻറ് തന്ന കണക്കുകൾ തെറ്റാണെന്നു ഇപ്പോഴാണോ ബർമ്മായ്ക്കു തോന്നിയത്?

ശ്രീ. കെ. പി. ഗോപാലൻ: അതു തെറ്റാണെന്നു പറയാൻ നിവൃത്തിയില്ല. അന്വേഷണ റിപ്പോർട്ട് കിട്ടിയതിനുശേഷമേ അതു സംബന്ധിച്ചു എന്തെങ്കിലും പറയാൻ നിവൃത്തിയുള്ളൂ.

ശ്രീ. കെ. സി. ഏബ്രഹാം: കരാറിൽ ഏർപ്പെട്ട കാലത്തു് അന്വേഷണങ്ങളെല്ലാം പൂർത്തിയാക്കിയിരിക്കേണ്ടതല്ലേ? അതിനുശേഷം ഇതിനെപ്പറ്റി അന്വേഷിക്കാൻ അദ്ദേഹത്തിനു് അവകാശമുണ്ടോ?

ശ്രീ. കെ. പി. ഗോപാലൻ: അതു നിയമപരമായ ഒരു പ്രശ്നമാണു്. കരാർ ഉണ്ടാക്കിയ അവസരത്തിൽ വിശദമായ ഒരു റിപ്പോർട്ടു് ഫാറസ്റ്റ് റേഞ്ച് ഡിപ്പാർട്ടുമെൻറിൽ ഉണ്ടായിരുന്നു. അതിനെ അടിസ്ഥാനമാക്കിയാണു് കരാർ ഉണ്ടാക്കിയതു്.

ശ്രീ. കെ. സി. ഏബ്രഹാം: ഇന്ന തീയതിയിൽ തുടങ്ങണമെന്നു പറയുന്ന ഒരു ക്ലാസ്സ് കരാറിൽ ഇല്ലെന്നാണോ പറയുന്നതു്?

ശ്രീ കെ. പി. ഗോപാലൻ: അങ്ങനെയുണ്ടോ എന്നു് ഇപ്പോഴും പറയാൻ നിവൃത്തിയില്ല.

ശ്രീ. കെ. എം. ജോർജ്ജ്: ബർമ്മാ ഫാക്ടറി ബീഹാറിൽ സ്ഥാപിക്കാൻ പോകുന്നതായി കേട്ടു. അങ്ങനെ ഇവിടെ നിന്നും വിടാതിരിക്കാൻ കഴിയുന്ന ക്ലാസ്സു വല്ലതും കരാറിൽ ഉണ്ടോ?

ശ്രീ. കെ. പി. ഗോപാലൻ: ഇവിടെ നിന്നും എങ്ങോട്ടെങ്കിലും ഫാക്ടറി മാറുന്ന പ്രശ്നമേ ഇല്ല. അതുകൊണ്ടു അതിനു് മറുപടി പറയേണ്ട കാര്യമില്ല.

ശ്രീമതി കുസുമം ജോസഫ്: ഇത്ര ടൺ മുള കൊടുത്തുകൊള്ളാമെന്നുള്ള കരാറിൽ ഗവണ്മെൻറ് ഇതേവരെയും ഒപ്പു വച്ചിട്ടില്ലെന്നു കേൾക്കുന്നതു് ശരിയാണോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. ഗോപാലൻ : അതു തീരെ അടിസ്ഥാനരഹിതമായ കാര്യമാണു്.

ശ്രീ. പി. ടി. ചാക്കോ : ബർളായ്ക്കു ഒഴിഞ്ഞു മാറാൻ പഴുതുള്ളതും തൊഴിലാളികളുടെ അവകാശങ്ങളെ ഇല്ലാതാക്കുന്നതുമായ ഈ കരാർ എഴുതിയുണ്ടാക്കിയതു ആരാണെന്നു പറയാമോ ?

ശ്രീ. കെ. പി. ഗോപാലൻ : ഇതൊക്കെ വളരെ വിശദമായി ഇവിടെ ചർച്ച ചെയ്തിട്ടുള്ള കാര്യങ്ങളാണു്.

ശ്രീ. എം. നാരായണക്കുറുപ്പു് : കരാർ ഉണ്ടാക്കിയിട്ടുള്ള ഫാക്ടറി ആരംഭിക്കുവാൻ വല്ല നടപടിയും ബർളാ എടുത്തിട്ടുണ്ടോ ?

ശ്രീ. കെ. പി. ഗോപാലൻ : മെഷീനറി വാങ്ങുന്നതിനു് വേണ്ട നടപടികളും എടുത്തുവരുന്നു എന്നു് ഗവണ്മെൻറിനെ അറിയിച്ചിട്ടുണ്ടു്.

ശ്രീ. സി. എ. മാത്യു : കരാർ ഉണ്ടാക്കിയതിൽ നിന്നും പിൻമാറിയാൽ അദ്ദേഹത്തിൻെറ പേരിൽ വല്ല നടപടിയും എടുക്കാൻ ഗവണ്മെൻറു തയാറാകുമോ ?

ശ്രീ. കെ. പി. ഗോപാലൻ: അങ്ങനെയുള്ള യാതൊരു പ്രശ്നവും ഉത്ഭവിക്കുന്നില്ല.

ശ്രീ. പി. ടി. ചാക്കോ : എൻെറ ചോദ്യത്തിനു് ഉത്തരം കിട്ടിയില്ല. കരാർ എഴുതിയുണ്ടാക്കിയതു ആരാണു് ?

ശ്രീ. കെ. പി. ഗോപാലൻ : ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനു് ഇതുവരെ അതു മനസ്സിലായിട്ടില്ലെങ്കിൽ ഞാൻ പറയാം. ഗവണ്മെൻറാണു്

റിക്ലമേഷൻ ആഫ് ഫാറസ്റ്റ് ലാൻഡ്സ് പദ്ധതി.

* 1462. [21] ശ്രീ. ടി. ഒ. ബാവാ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റിക്ലമേഷൻ ആഫ് ഫാറസ്റ്റ് ലാൻഡ്സ് എന്ന ഒരു പദ്ധതി സർക്കാരിനുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആ പദ്ധതി എന്താണു് ;

(സി) അതിനു കേന്ദ്രത്തിൽ നിന്നും വല്ല സഹായധനവും ലഭിക്കുമോ ?

ഭക്ഷ്യവും വനവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോർജ്ജു്) :

(എ) ഇല്ല.

(ബി, സി) ചോദ്യങ്ങൾ ഉദിക്കുന്നില്ല.

മിനിമം വേജസ് നിശ്ചയിക്കുന്നതിനു് നിയമിച്ചിരുന്ന കമ്മിറ്റിയുടെ റിപ്പോർട്ടു്.

* 1463. [23] ശ്രീ. ജോർജ്ജു് ജോസഫു് : താഴെ കാണുന്ന ചോദ്യങ്ങൾക്കു് തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവണ്മെൻറു് അധികാരത്തിൽ വരുന്നതിനുമുൻപു് നിയമിച്ചിട്ടുള്ള ഏതെങ്കിലും വ്യവസായത്തിലെ മിനിമം വേജസ് നിശ്ചയിക്കുന്നതിനുള്ള കമ്മിറ്റി ഈ ഗവണ്മെൻറിൽ റിപ്പോർട്ടു സമർപ്പിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആ റിപ്പോർട്ടു പ്രസിദ്ധീകരിക്കുകയോ നടപ്പിലാക്കുകയോ ചെയ്തിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ടു് ?

LIBRARY ARCHIVES Kerala Legislative Assembly